## അധ്യായം 75

### അൽഖിയാമഃ (ഉയർത്തെഴുന്നേല°പ്പ°)

അവതരണം മക്കയിൽ, വചനങ്ങഠം 40

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

لَآ أُقۡسِمُ بِيَوۡمِ ٱلۡقِيَٰمَةِ ﴿١﴾ وَلَآ أُقۡسِمُ بِٱلنَّفۡسِ ٱللَّوَّامَةِ ﴿٢﴾
أَيَحۡسَبُ ٱلۡإِنسَٰنُ أَلَّن نَّجۡمَعَ عِظَامَهُۥ ﴿٣﴾ بَلَىٰ قَٰدِرِينَ عَلَىٰٓ أَن نُّسَوِّيَ
بَنَانَهُۥ ﴿٤﴾ بَلۡ يُرِيدُ ٱلۡإِنسَٰنُ لِيَفۡجُرَ أَمَامَهُۥ ﴿٥﴾

1. ഉയിർത്തെഴുന്നേല°പിൻെറ ദിവസം കൊണ്ട° ഞാൻ സത്യം ചെയ്തു പറയുന്നു.
2. സ്വയം കുറ്റപ്പെടുത്തുന്ന മനസ്സാക്ഷിയെകൊണ്ടും ഞാൻ സത്യം ചെയ്തുപറയുന്നു.
3. മനുഷ്യൻ വിചാരിക്കുന്നുണ്ടോ-അവൻെറ എല്ലുകളെ നാം ഒരിക്കലും (വീണ്ടും) കൂട്ടിച്ചേർക്കുകയില്ലെന്ന°?
4. അതെ! അവൻെറ വിരൽതലപ്പുകളെപ്പോലും കൃത്യമായി ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ.
5. പക്ഷേ, മനുഷ്യൻ അവൻെറ മുമ്പോട്ടു(ള്ള ജീവിതത്തിൽ)ദുർവൃത്തികഠം ചെയ°വാൻ ഉദ്ദേശിക്കുകയാണ°.

يَسۡـَٔلُ أَيَّانَ يَوۡمُ ٱلۡقِيَٰمَةِ ﴿٦﴾ فَإِذَا بَرِقَ ٱلۡبَصَرُ ﴿٧﴾ وَخَسَفَ ٱلۡقَمَرُ ﴿٨﴾
وَجُمِعَ ٱلشَّمۡسُ وَٱلۡقَمَرُ ﴿٩﴾ يَقُولُ ٱلۡإِنسَٰنُ يَوۡمَئِذٍ أَيۡنَ ٱلۡمَفَرُّ ﴿١٠﴾ كَلَّا لَا
وَزَرَ ﴿١١﴾ إِلَىٰ رَبِّكَ يَوۡمَئِذٍ ٱلۡمُسۡتَقَرُّ ﴿١٢﴾ يُنَبَّؤُاْ ٱلۡإِنسَٰنُ يَوۡمَئِذِۭ بِمَا قَدَّمَ
وَأَخَّرَ ﴿١٣﴾ بَلِ ٱلۡإِنسَٰنُ عَلَىٰ نَفۡسِهِۦ بَصِيرَةٞ ﴿١٤﴾

6. അവൻ ചോദിക്കുന്നു: ഏതവസരത്തിലാണ° അന്ത്യനാഠം എന്ന°?
7. എന്നാൽ കണ്ണ° (അന്ധാളിച്ച°) അഞ്ചിപ്പോയാൽ,
8. ചന്ദ്രൻ (പ്രകാശം പോയി) ഇരുളടയുകയും (ചെയ്താൽ),
9. സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും (ചെയ്താൽ),
10. അന്നത്തെ ദിവസം മനുഷ്യൻ പറയും: എവിടേക്കാണ° ഓടി രക്ഷപ്പെടുന്നത°?
11. അതില്ല! രക്ഷയേ ഇല്ല.

12. നിന്റെ നാഥങ്കലാണ്‌ ചെന്നു നിൽക്കേണ്ടിവരിക.
13. മനുഷ്യൻ മുൻചെയ്തുവെക്കുകയും (ചെയ്യാതെ) പിന്നോക്കം വെക്കുകയും ചെയ്തിട്ടുള്ളതിനെപ്പറ്റി അന്ന്‌ അവൻ ബോധ്യപ്പെടുത്തപ്പെടും.
14. പക്ഷേ, (അത്രയുമല്ല) മനുഷ്യൻ തനിക്കു എതിരിൽ തന്നെ തെളിവായിരിക്കും.

وَلَوْ أَلْقَىٰ مَعَاذِيرَهُۥ ﴿١٥﴾ لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾ إِنَّ
عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾ فَإِذَا قَرَأْنَـٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾ ثُمَّ إِنَّ
عَلَيْنَا بَيَانَهُۥ ﴿١٩﴾ كَلَّا بَلْ تُحِبُّونَ ٱلْعَاجِلَةَ ﴿٢٠﴾ وَتَذَرُونَ ٱلْـَٔاخِرَةَ ﴿٢١﴾

15. അവൻ തന്റെ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.
16. (നബിയേ) നീ (ഖുർആൻ) ഉടനടി ഹൃദിസ്ഥമാക്കുന്നതിനുവേണ്ടി നാവു പിടപ്പിക്കേണ്ടതില്ല.
17. നിശ്ചയമായും അതിന്റെ സമാഹരണവും അത്‌ ഓതിത്തരലും നമ്മുടെ ബാധ്യതയാണ്‌.
18. ആകയാൽ നാം അത്‌ ഓതിത്തന്നാൽ നീ ആ പാരായണത്തെ പിന്തുടരുക.
19. പിന്നെ അതിന്റെ താൽപര്യം വിശദീകരിച്ചുതരേണ്ടതും നമ്മുടെ തന്നെ ചുമതലയാകുന്നു.
20. (മനുഷ്യരേ)അങ്ങനെയല്ല! പക്ഷേ, നിങ്ങൾ ക്ഷണികമായതിനെ (ഐഹിക ജീവിതത്തെ) ഇഷ്ടപ്പെടുന്നു.
21. പരലോക (ജീവിത)ത്തെ നിങ്ങൾ അവഗണിക്കുകയും ചെയ്യുന്നു.

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾ إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾ وَوُجُوهٌ يَوْمَئِذٍۭ بَاسِرَةٌ
﴿٢٤﴾ تَظُنُّ أَن يُفْعَلَ بِهَا فَاقِرَةٌ ﴿٢٥﴾ كَلَّآ إِذَا بَلَغَتِ ٱلتَّرَاقِىَ ﴿٢٦﴾
وَقِيلَ مَنْ ۜ رَاقٍ ﴿٢٧﴾ وَظَنَّ أَنَّهُ ٱلْفِرَاقُ ﴿٢٨﴾

22. ചില മുഖങ്ങൾ അന്നത്തെ ദിവസം (സന്തോഷിച്ചു) പ്രസന്നമായവയായിരിക്കും.
23. തങ്ങളുടെ നാഥനെ നോക്കിക്കൊണ്ടിരിക്കുന്നവയും.
24. (മറ്റു) ചില മുഖങ്ങളാവട്ടെ, അന്നത്തെ ദിവസം കരുവാളിച്ചതായിരിക്കും.
25. ഏതോ അത്യാപത്ത്‌ അവയെ പിടികൂടാൻ പോകുകയാണ്‌ എന്ന്‌ അവൻ വിചാരിക്കും.
26. വേണ്ട! (പ്രാണൻ) തൊണ്ടക്കുഴിയിൽ എത്തിയാൽ,
27. ആരുണ്ട്‌ (അവനെ വീണ്ടെടുക്കാൻ) മന്ത്രം നടത്തുന്നവൻ എന്ന്‌ പറയപ്പെടുകയും,
28. അവൻ (മരണം ആസന്നമായവൻ) അത്‌ (തന്റെ) വേർപാടാണെന്ന്‌

(ഉറപ്പായി) ധരിക്കുകയും,

وَٱلْتَفَّتِ ٱلسَّاقُ بِٱلسَّاقِ ﴿٢٩﴾ إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمَسَاقُ ﴿٣٠﴾ فَلَا صَدَّقَ وَلَا
صَلَّىٰ ﴿٣١﴾ وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾ ثُمَّ ذَهَبَ إِلَىٰٓ أَهْلِهِۦ يَتَمَطَّىٰٓ ﴿٣٣﴾
أَوْلَىٰ لَكَ فَأَوْلَىٰ ﴿٣٤﴾ ثُمَّ أَوْلَىٰ لَكَ فَأَوْلَىٰٓ ﴿٣٥﴾

29. കണങ്കാൽ കണങ്കാലോട് കൂടിപ്പിണരുകയും (ചെയ്താൽ),-
30. അതാണ് നിന്റെ രക്ഷിതാവിങ്കലേക്ക് പോകാനുള്ള ദിനം.
31. എന്നാൽ അവൻ സത്യം സ്വീകരിച്ചില്ല- നമസ്കരിച്ചതുമില്ല.
32. പക്ഷേ, നിഷേധിക്കുകയും പിന്തിരിയുകയും ചെയ്തിരിക്കുന്നു!
33.പിന്നെ അവൻ തന്റെ സ്വന്തക്കാരിലേക്ക് ദുരഭിമാനം നടിച്ച് പോകുകയും ചെയ്തിരിക്കുന്നു.
3.(ഹേ,മനുഷ്യാ,)നിനക്ക് ഏറ്റവും വേണ്ടപ്പെട്ടതുതന്നെ, വേണ്ടപ്പെട്ടതുതന്നെ! (നിനക്ക് യോജിച്ച ശിക്ഷതന്നെ)
35. പിന്നെ (വീണ്ടും) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടതുതന്നെ, വേണ്ടപ്പെട്ടതു തന്നെ. (യോജിച്ച ശിക്ഷതന്നെ)

أَيَحْسَبُ ٱلْإِنسَٰنُ أَن يُتْرَكَ سُدًى ﴿٣٦﴾ أَلَمْ يَكُ نُطْفَةً مِّن مَّنِيٍّ يُمْنَىٰ ﴿٣٧﴾
ثُمَّ كَانَ عَلَقَةً فَخَلَقَ فَسَوَّىٰ ﴿٣٨﴾ فَجَعَلَ مِنْهُ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰٓ
﴿٣٩﴾ أَلَيْسَ ذَٰلِكَ بِقَٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ﴿٤٠﴾

36. മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്?
37. അവൻ(ഗർഭാശയത്തിൽ)സ്രവിക്കപ്പെടുന്ന ഇന്ദ്രിയത്തിൽനിന്നുമുള്ള ഒരു തുള്ളിയായിരുന്നില്ലേ?
38. പിന്നെയത് ഒരു ഭ്രൂണമായി. അനന്തരം അവനെ അവൻ (അല്ലാഹു) സൃഷ്ടിച്ചു ശരിപ്പെടുത്തി.
39. അങ്ങനെ, അവനതിൽനിന്ന് ആണും പെണ്ണുമായി ഇണകളെ ഉണ്ടാക്കി.
40. (അങ്ങനെയുള്ള), അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിവുള്ളവനല്ലേ?